**പരമ്പരാഗതമല്ലാത്തതും** സംഘടിത തൊഴിലാളി പ്രസ്ഥാനങ്ങൾക്ക് ആധിപത്യമുള്ള സാമ്പ്രദായിക മേഖലകൾക്ക് പുറത്തുള്ളതുമായ തൊഴിലിടങ്ങളിൽ പുതിയ സങ്കീർണ്ണതകൾ രൂപപ്പെടുകയും പരിചിതമല്ലാത്ത പരിഹാരരൂപങ്ങൾ പരീക്ഷിക്കപ്പെടുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. ആഗോള മുതലാളിത്തം സൃഷ്ടിച്ചെടുത്ത നിർദ്ദയമായ പുതിയ തൊഴിൽ സാഹചര്യങ്ങൾക്കെതിരെ, എക്കാലവും ലിംഗപരമായ തൊഴിൽ ചൂഷണങ്ങൾക്കുകൂടി ഇരകളായിക്കൊണ്ടിരിക്കുന്ന സ്ത്രീകളുടെ മുൻകൈയിൽ നവസമരവഴികൾ തുറക്കപ്പെട്ടിരിക്കുന്നു. വസ്ത്രവ്യാപാര മേഖലയിലെ അഭൂതപൂർവ്വമായ വളർച്ച സൃഷ്ടിച്ചെടുത്ത 'സെയിൽസ് ഗേൾസ്' എന്ന തൊഴിൽ വിഭാഗം നേരിടുന്ന ഹീനമായ അനീതികൾക്കെതിരെയുള്ള സമരങ്ങളിലൂടെ അസംഘടിത-സ്ത്രീ തൊഴിൽമേഖലയിലെ സവിശേഷ പ്രശ്നങ്ങൾ സജീവരാഷ്ട്രീയ സംവാദങ്ങളായി മാറുകയാണ്. തൃശൂർ ജില്ലയിലെ കല്യാൺ സാരീസ് എന്ന വസ്ത്രവ്യാപാര

## കല്യാൺ സാരീസ് തൊഴിൽ സമരം:

# ഒരു നവസമരത്തിന്റെ 106 നിർണ്ണായക ദിനങ്ങൾ

തൃശൂർ നഗരത്തിലെ കോലത്തുംപാടത്ത് സ്ഥിതി ചെയ്യുന്ന കല്യാൺ സാരീസ് എന്ന വസ്ത്ര വ്യാപാര സ്ഥാപനത്തിലെ ആറ് സ്ത്രീ തൊഴിലാളികളുടെ മുൻകൈയിൽ നടന്ന ഇരിക്കൽ സമരം 106 ദിവസങ്ങൾക്ക് ശേഷം മാനേജുമെന്റുമായുണ്ടായ കരാറിനെ തുടർന്ന് അവസാനിച്ചിരിക്കുകയാണ്. സമരം ഉന്നയിച്ച ആവശ്യങ്ങളെല്ലാം പരിഹരിക്കപ്പെട്ടോ? എന്താകും ഇരിക്കൽ സമരത്തിന്റെ തുടർ പ്രസക്തി? ഒരന്വേഷണം.

**സുരേഷ് പി. തോമസ്, കെ.ജി. ബാലു**

സ്ഥാപനത്തിലെ ആറ് സ്ത്രീ തൊഴിലാളികളുടെ മുൻകൈയിൽ നടന്ന ഇരിക്കൽ സമരം ഈ നവ തൊഴിൽ സമരങ്ങളുടെ ചെറു ചരിത്രത്തിലെ ഒരു നിർണ്ണായക സംഭവമാണെന്ന് പറയാം. 106 സമരദിനങ്ങൾക്ക് ശേഷം കല്യാൺ മാനേജുമെന്റുമായുണ്ടായ ഒത്തുതീർപ്പു വ്യവസ്ഥകളെത്തുടർന്ന് പിൻവലിക്കപ്പെട്ട ഇരിക്കൽ സമരം പലകാരണങ്ങളാലും എന്തുകൊണ്ടാണ് ഒരു നിർണ്ണായക വിജയമായിത്തീരുന്നത്? വ്യവസ്ഥാപിതവും സംഘടിതവുമായ ട്രേഡ് യൂണിയൻ ഘടനകൾക്ക് പുറത്ത് സംഘടിപ്പിക്കപ്പെട്ട ഒരു സമരത്തിന്റെ നിമ്നോന്നതകളിലൂടെ കടന്നുപോകുമ്പോഴാണ് ഉറപ്പായും അതിനുത്തരം നമുക്ക് കിട്ടുന്നത്.

മാനേജ്മെന്റിന് തൊഴിലാളികളെ പുറത്താക്കാൻ വ്യക്തമായ കാരണങ്ങളൊന്നും വേണമെന്നില്ല എന്നതാണ് അസംഘടിത തൊഴിൽ മേഖലയിൽ നിലനിൽക്കുന്ന ഒരു പൊതുപ്രവണത. എന്നാൽ കല്യാൺ സാരീസിന് എസ്.കെ. പദ്മിനി, പി. മായാദേവി, രജനി ദാസൻ, ദേവി രവി, അൽഫോൺസ ജോൺസൺ, ബീന സോജൻ എന്നീ ആറ് സ്ത്രീ തൊഴിലാളികൾക്ക് അന്നുവരെ വസ്ത്രാലയ തൊഴി

⇨ കോഴിക്കോട് നടന്ന എ.എം.ടി.യുവിന്റെ സംസ്ഥാന സമ്മേളനത്തിൽ ഇവരിൽ അഞ്ചുപേർ പങ്കെടുത്തിരുന്നു ⇨



അൽഫോൺസ ജോൺസൺ



ബീന സോജൻ



ദേവി രവി



പി. മായാദേവി



എസ്.കെ. പദ്മിനി



രജനി ദാസൻ

ലിടങ്ങളിൽ കേട്ടുകേൾവിയില്ലാത്ത സ്ഥലം മാറ്റ ഉത്തരവ് നൽകാൻ ചില കാരണങ്ങളുണ്ടായിരുന്നു. സ്വന്തം തൊഴിലാളികൾ സംഘടിച്ചു തുടങ്ങിയിരിക്കുന്നു എന്നത് ഏതൊരു മുതലാളിയെയും പോലെ കല്യാൺ സാരീസിനെയും അസ്വസ്ഥമാക്കിയെന്നതിന്റെ പ്രതിഫലനമായാണ് 2014 ഡിസംബർ 11ന് ഉച്ചയോടുകൂടി ആറുപേരിൽ ഓരോരുത്തരെയും പലസമയത്തായി മാനേജർ ക്യാബിനിലേക്ക് വിളിച്ചു വരുത്തിയത്. അടിയന്തരമായി നിങ്ങളുടെ സേവനം ഇനി തിരുവനന്തപുരം കല്യാൺ സാരീസിനാണ് ആവശ്യം, അതുകൊണ്ട് രണ്ടു ദിവസത്തിനുള്ളിൽ അവിടെചെന്ന് ഹാജർ രേഖപ്പെടുത്തണം എന്നതായിരുന്നു മാനേജർക്ക് പറയാനുണ്ടായിരുന്നത്. സ്ഥലംമാറ്റം ലിച്ചവരോരോരുത്തരും തനിക്കുമാത്രമല്ല സ്ഥലംമാറ്റമെന്ന് തിരിച്ചറിഞ്ഞതോടെ, സംഘടിക്കുവാനുള്ള തങ്ങളുടെ തീരുമാനത്തോടുള്ള മാനേജ്മെന്റിന്റെ പ്രതികാരമാണ് ഈ സംഭവമെന്ന് മനസിലാക്കുന്നു. ആ തിരിച്ചറിവാണ് തൃശൂർ കോലോത്തുംപാടത്ത് സ്ഥിതി ചെയ്യുന്ന കല്യാൺ സാരീസിന്റെ മുന്നിൽ, നൂറ്റിയാറ് ദിവസത്തോളം നീണ്ടുനിന്ന ഇരിക്കൽ സമരത്തിലേക്ക് അവരെ എത്തിക്കുന്നത്.

അതിനുമുമ്പ് 2014 ഡിസംബർ 3ന് കോഴിക്കോട് നടന്ന എ.എം.ടി.യുവിന്റെ സംസ്ഥാന സമ്മേളനത്തിൽ ഇവരിൽ അഞ്ചുപേർ പങ്കെടുത്തിരുന്നു. സംഘടിക്കുക എന്നത് തൊഴിലെടുക്കുന്ന എല്ലാവരുടെയും അവകാശമാണെന്ന തിരിച്ചറിവ് നൽകിയ ഊർജ്ജത്തിൽ നിന്നുമാണ്, അതുവരെ വീട്ടുകാരോട് പറയാതെ പുറത്ത് പോകാതിരുന്ന അവരഞ്ചുപേരും അന്നാദ്യമായി വീട്ടിലും ഓഫീസിലും അറിയിക്കാതെ കോഴിക്കോട്ടേക്ക് വണ്ടികയറിയത്. 2014 മെയ് 1ന് കോഴിക്കോട് വച്ച് എ.എം.ടി.യു നടത്തിയ ഒന്നാം ഇരിക്കൽ സമരത്തെക്കുറിച്ചുള്ള വാർത്തകളിൽ നിന്നാണ് ടെക്സ്റ്റൈൽ മേഖലയിലെ സ്ത്രീ തൊഴിലാളികൾക്ക് വേണ്ടി ഒരു യൂണിയൻ തന്നെ നിലവിലുണ്ടെന്ന വിവരം അവർ ആദ്യമായി അറിയുന്നത്. കോഴിക്കോട് നടന്ന ഇരിക്കൽ സമരത്തെ തുടർന്ന് തൃശൂരിലും സാറാ ജോസഫിന്റെ നേതൃത്വത്തിൽ ടെക്സ്റ്റൈൽ മേഖലയിലെ സ്ത്രീ തൊഴിലാളികളുടെ ഇരിക്കാനുള്ള അവകാശങ്ങൾക്ക് വേണ്ടി ചില സമരങ്ങൾ നടന്നിരുന്നു. ആ സമരങ്ങളും ഇവർ ശ്രദ്ധിച്ചിരുന്നു. സ്ത്രീ തൊഴിലാളികളുടെ പ്രശ്നങ്ങൾ ഏറ്റെടുക്കാൻ ഒരു തൊഴിലാളി യൂണിയൻ

ഉണ്ടായി എന്നതാണ് അവരെ ആവേശരിതരാക്കിയത്.

കോഴിക്കോട് സമ്മേളനം കഴിഞ്ഞ് തൊഴിൽ സ്ഥലത്ത് തിരിച്ചെത്തിയ അവർ സമ്മേളനത്തിലെ അനുഭവങ്ങൾ സഹപ്രവർത്തകരുമായി പങ്കുവച്ചു. അവകാശങ്ങൾക്കായി സംഘടിക്കേണ്ടുന്നതിന്റെ പ്രാധാന്യം മറ്റുള്ളവരേയും ബോധ്യപ്പെടുത്തി. മാനേജ്മെന്ററിയാതെ ഒരീച്ച പോലും അകത്തുകടക്കാത്ത കല്യാൺ സാരീസിൽ അങ്ങനെ 31 അസംഘടിത മേഖലാ തൊളിലാളി യൂണിയൻ അംഗങ്ങളുണ്ടായി. പരസ്പരവർത്തമാനങ്ങൾ പോലും നിരോധിച്ച തൊഴിലിടത്തിലെ ചില അസ്വാഭാവിക ചലനങ്ങൾ ടോയ്ലെറ്റിന് മുമ്പിൽ പോലുമുള്ള മുതലാളിയുടെ അനേകം നിരീക്ഷണ ക്യാമറകളിലുടക്കി. 2014 ഡിസംബർ 11ന് അതൊരു സ്ഥലം മാറ്റ ഉത്തരവിലവസാനിച്ചു. അൽഫോൺസയ്ക്ക് കണ്ണൂർക്കും, മറ്റ് നാല് സെയ്ൽസ് ഗേൾസിനും ഫ്ളോർ സൂപ്പർവേസർ പദ്മിനിക്കും തിരുവനന്തപുരത്തേക്കും പറിച്ചുനടൽ വിധിച്ചു. കല്യാൺ സാരീസിന്റെ കേരളത്തിലെ രണ്ടതിർത്തികളിലേക്ക് നീണ്ട ആ നടപടിയിൽ ഒരു ദണ്ഡനാധികാരത്തിന്റെ ധ്വനിയുണ്ടായിരുന്നു.

എസ്.കെ. പദ്മിനിയെന്ന സൂപ്പർവെസറായിരുന്നു ആദ്യം കാബിനിലേക്ക് വിളിക്കപ്പെട്ടത്. മാനേജ്മെന്റിന്റെ ഭാഗത്തുനിന്നുണ്ടായ പെട്ടെന്നുള്ള നടപടിയിൽ തകർന്നുപോയ അവർ അപ്പോൾ തന്നെ രാജി സന്നദ്ധതയറിയിക്കുന്നു. എന്നാൽ ഷോറൂമിൽ നിന്നിറങ്ങാനും പുതിയ സ്ഥലത്ത് എത്തിചേരാനുമാണ് പത്മിനിക്കു കിട്ടിയ മറുപടി. തുടർന്ന് ബാഗുമെടുത്ത് പതിവുള്ള പരിശോധനയും കഴിഞ്ഞ് ഷോറൂമിന്റെ പുറകിലെ സ്റ്റോക് റൂമിലൂടെയുള്ള വഴിയിലൂടെ, അന്നാദ്യമായി അവർ സ്വന്തം തൊഴിലിടത്തു നിന്നും പുറത്തിറങ്ങി. ബസ് കാത്തു നിൽക്കുമ്പോഴാണ് അൽഫോൺസയെ കാണുന്നത്. താനൊറ്റയ്ക്കല്ലെന്നും തനിക്കു പുറകേ ഇനിയുമാളുകളുണ്ടെന്നും അപ്പോഴാണ് പതിമിനിക്ക് മനസിലായത്. തുടർന്ന് ആർക്കെല്ലാമാണ് സ്ഥലമാറ്റമെന്ന അന്വേഷണമായി. ഒരേ ഫ്ളോറിലെ ആറുപേർ തങ്ങൾ പ്രതികാരപാത്രമാക്കപ്പെട്ട വിവരം വഴിയേ തിരിച്ചറിയുന്നു.

അസംഘടിതരായ അവരാറുപേരും അങ്ങനെ അസംഘടിത മേഖലാ തൊഴിലാളി യൂണിയനുമായി ബന്ധപ്പെട്ടു. സംഘടനയ്ക്ക് രജിസ്ട്രേഷൻ കിട്ടിയിട്ടില്ലെങ്കിലും തൊഴിലാളികളുടെ സമരമടക്കമുള്ള എന്ത് തീരുമാനത്തിനും സർവ്വപിന്തുണയും എ.എം.ടി.യു സെക്രട്ടറി പി. വിജി ഉറപ്പുകൊടുത്തു. തുടർന്ന് ജില്ലാ ലേബർ ഓഫീസർ, വനിതാ കമ്മീഷൻ, മനുഷ്യാവകാശ കമ്മീഷൻ എന്നിവർക്ക് എ.എം.ടി.യു പരാതി നൽകുന്നു. ജില്ലാ ലേബർ ഓഫീസർ, ഡിസംബർ 16 നും 18 നും ഉടമകളുടെ പ്രതിനിധികളായ മാനേജർമാരോടും തൊഴിലാളി പ്രതിനിധിയായ എ.എം.ടി.യു സംസ്ഥാന പ്രസിഡന്റ് കെ.പി. ലിജുകുമാറിനോടും ചർച്ച നടത്തുന്നു. പരാജയപ്പെട്ട ചർച്ചയെ തുടർന്ന് അദ്ദേഹം ലേബർ ഓഫീസർ തൊഴിൽ വകുപ്പ് സെക്രട്ടറിക്കയച്ച ചർച്ച പരാജയ റിപ്പോർട്ടിൽ ഇങ്ങനെ എഴുതുന്നു."തൃശൂരിന്റെ പരിസര പ്രദേശത്ത് കുടുംബമായി താമസിക്കുന്നവരാണ് ഇവർ. ദൂരെയ്ക്കുള്ള സ്ഥലംമാറ്റം മനഃപൂർവ്വം ജോലി നിഷേധിക്കാനുള്ള മാനേജ്മെന്റിന്റെ തന്ത്രമായി മാത്രമേ കാണാൻ കഴിയൂ." 210 പേരുള്ള സ്ഥാപനത്തിലെ ഈ തർക്കം അർത്ഥശങ്കക്കിടയില്ലാത്ത വിധം ഒരു തൊഴിൽ തർക്കമാണെന്നും, അതുകൊണ്ടുതന്നെ 1947 ലെ വ്യവസായ തർക്ക നിയമം വകുപ്പ് 10(1)(ഡി) പ്രകാരം, തർക്കത്തിൽ ഒരു നിയമകോടതി തീരുമാനമെടുക്കുന്നതാകും ഉചിതമെന്നും പറഞ്ഞ് അദ്ദേഹം ഇത് പാലക്കാട് ഇൻഡസ്ട്രിയൽ ട്രിബ്യൂണലിന്റെ തീർപ്പിനയച്ചു കൊടുക്കുകയും ചെയ്യുന്നു.

ഡിസംബർ 29 ന് ജോലിക്കു കയറുവാനുള്ള തീരുമാനത്തിൽ ആറുപേരും കല്യാൺ സാരീസിലെത്തുന്നു. സെക്യൂരിറ്റി അവരെ വഴിയിൽ തടയുന്നു. 30 നാണ് പുതിയ ഷോറൂമിൽ ഹാജരാകേണ്ടതെന്ന സാങ്കേതികത അയാൾക്കറിയേണ്ട കാര്യമുണ്ടായിരുന്നില്ല. ആറുപേരെയും അകത്ത് കടത്തരുതെന്ന ഉടമയുടെ ഉത്തരവ് സെക്യൂരിറ്റി അറിയിക്കുന്നു. തുടർന്ന് അവർ സമരം പ്രഖ്യാപിച്ചു. സംഘടനാ പ്രതിനിധിയായി എ.എം.ടി.യു പ്രസിഡന്റ് ലിജുകുമാർ സമരസ്ഥലത്തെത്തുന്നു. അന്യായമായ സ്ഥലം മാറ്റം റദ്ദ് ചെയ്യുക, തൊഴിലിടത്ത് ഇരിക്കാനനുവദിക്കുക, തൊഴിൽ സമയം എട്ടുമണിക്കൂറാക്കുക, സ്ത്രീ തൊഴിലാളികളുടെ ജോലി സമയം വൈകീട്ട് ഏഴുവരെയാക്കുക, ശമ്പളം വേജ് ബോർഡിനനുസരിച്ചാക്കുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ച് ഡിസംബർ 30 ന് രാവിലെ കല്യാൺ സാരീസിന് മുന്നിലെ നിരീക്ഷണ

ക്യാമറയ്ക്കഭിമുഖമായി ഉയർന്ന സമരപ്പന്തലിനു മുമ്പിൽ ബാനറുയർന്നു. എ.എം.ടി.യുവിന്റെ രണ്ടാം ഘട്ടം ഇരിക്കൽ സമരം കെ. വേണു ഉദ്ഘാടനം ചെയ്തു. ഓരോ ദിവസം കഴിയുംതോറും രണ്ടാംഘട്ട ഇരിക്കൽ സമരവും കൂടുതൽ ശക്തമായി. സമരാനുകൂലികളായി നിരവധി സംഘടനകൾ, വ്യക്തികൾ... ദിവസം കഴിയുംന്തോറും സമരം വിജയത്തിലേക്കെന്ന പ്രതീതി സജീവമായി.

സമരനായികമാർ ആറുപേരും അവരുടെ കുടുംബാംഗങ്ങളും ചേർന്ന സമരസമിതിയുടെ കൺവീനറായി പി. പത്മിനി തെരഞ്ഞെടുക്കപ്പെടുന്നു. കുറച്ചുദിവസങ്ങൾക്കുള്ളിൽ മറ്റ് സമരാനുകൂലികളെല്ലാം ഒത്തുചേരുകയും ഒരു ഐക്യദാർഢ്യസമിതി രൂപീകരിക്കുകയും കൺവീനറായി ലിജുകുമാറും ചെയർപേഴ്സണായി യാമിനി പരമേശ്വരനും തെരഞ്ഞെടുക്കപ്പെടുകയും ചെയ്യുന്നു.

കല്യാൺ സാമിയെന്ന ടി.കെ. കല്യാണരാമന്റെ ആശങ്ക വെറുതെയായില്ല. സമരം കത്തിപ്പടർന്ന പ്പോഴേക്കും കല്യാൺ ബ്രാന്റിന് പ്രഹരമേറ്റു തുടങ്ങി. ഫെയ്സ്ബുക്ക് പോലുള്ള നവമാധ്യമങ്ങൾ ശക്തമായ പിന്തുണയുമായി മുന്നോട്ടുവന്നു. കല്യാൺ സാരീസ് ഉൽപന്ന ബഹിഷ്കരണം ഉൾപ്പെടെയുള്ള പുത്തൻ പ്രതിഷേധ മാർഗ്ഗങ്ങൾ രൂപാന്തരപ്പെട്ടു.

സംഘടനാ രംഗത്ത് നിന്ന് ആം ആദ്മി പാർട്ടി, ഫോർവേഡ് ബ്ലോക്ക്, എ.ഐ.ടി.യു.സി, ആർ.എം.പി, എൻ.ടി.യു.ഐ, എഫ്.ഐ.ടി.യു, ടി.യു.സി.ഐ, എസ്.ഡി.ടി.യു, എസ്.ഇ.വൈ.എ, വനിത കലാസാഹിതി, ശാസ്ത്ര സാഹിത്യ പരിഷത്ത്, ബാങ്ക് എംപ്ലോയീസ് അസോസിയേഷൻ, തൃണമൂൽ കോൺഗ്രസ്, സി.പി.ഐ (എം.എൽ), യൂത്ത് ഡയലോഗ് തുടങ്ങി നിരവധി സംഘടനകളും കെ. അജിത, സാറാ ജോസഫ്, ലാലൂർ സമരസമിതി നേതാവ് ടി.കെ. വാസു... തുടങ്ങിയ പ്രമുഖരും സമരപ്പന്തലിൽ പതിവായെത്തി. സമരത്തിൽ ആദ്യം തന്നെ സജീവമായിരുന്ന സാറാ ജോസഫിന്റെ നേതൃത്വത്തിൽ മാനേജ്മെന്റുമായി ചില ചർച്ചകൾ നടക്കുന്നു. കറന്റ് ബുക്സ് ഉടമയുടെ മദ്ധ്യസ്ഥതയിൽ നടത്തിയ ആദ്യ ചർച്ച പരാജയപ്പെടുന്നു. ഏതാണ്ടിതേ സമയത്താണ് ചാനൽ ഫോർ യു എന്ന തൃശൂരിലെ ഒരു ലോക്കൽ ചാനൽ മാനേജ്മെന്റിന്റെ ഭാഗത്ത് നിന്നും സമരക്കാരെ സമീപിക്കുന്നത്. 50,000 രൂപയുടെ നഷ്ടപരിഹരം വാങ്ങി സമരം അവസാനിപ്പിക്കണം എന്നതായിരുന്നു അവരുടെ കരാർ. അതും തള്ളപ്പെടുന്നു.

1500 രൂപമുടക്കി ജനാധിപത്യത്തിന്റെ നാലാംതൂണിനുമുന്നിൽ (തൃശൂർ പ്രസ്ക്ലബ്) പത്രസമ്മേളനം നടത്തി. ഒരു ട്രേഡ് യൂണിയൻ സമരത്തിന് പത്രങ്ങളുടെ അകമഴിഞ്ഞ സഹകരണമാഗ്രഹിച്ചായിരുന്നു അവരത് ചെയ്തത്. പക്ഷേ ചായയും വടയും കഴിച്ച ഓർമ്മ പോലും ആ പത്രസമ്മേളനം അവശേഷിപ്പിച്ചില്ല. വളപ്പില പോലുള്ള തൃശൂരിലെ പരസ്യ ഏജൻസി ഗ്രൂപ്പുകളിൽ നിന്നും വൻ ഓഫറുകൾ പത്രപ്രവർത്തകർക്ക് ഉണ്ടായിരുന്നുവെന്നതാണ് വാർത്താ തമസ്കരണത്തിന് കാരണമെന്നും പറയപ്പെടുന്നു. ഇന്നുവരെ കിട്ടാത്ത കല്യാൺ സാരീസിന്റെ പരസ്യം ഇനിയെങ്ങാനും കിട്ടിയാലോ എന്നു ശങ്കിച്ച് രണ്ടാംനിര മാധ്യമ മുതലാളിമാരും വാർത്തമുക്കി. വാർത്ത കൊടുത്ത മാധ്യമം പത്രമാകട്ടെ ഒരിക്കൽ ഒരൊറ്റക്കോളത്തിൽ കാര്യങ്ങളൊതുക്കി. മീഡിയാ വൺ ചാനൽ വാർത്ത ഷൂട്ട് ചെയ്ത് കോഴിക്കോട്ടേക്ക് വിട്ടെങ്കിലും പരസ്യത്തിൽ തട്ടി അതും നാട്ടാരുകണ്ടില്ല. ആകാശവാണി വാർത്തകേൾപ്പിച്ചു. ഫെയ്സ്ബുക്ക് പോലുള്ള നവമാധ്യമങ്ങൾ സമരത്തെ ആഘോഷമാക്കി. സമരം ജനങ്ങളിലേക്കെത്തിക്കാൻ പോസ്റ്റർ കാമ്പയിനെയാണ് സമര–ഐക്യദാർഢ്യ സമിതികൾ മുഖ്യമായും ആശ്രയിച്ചത്. തൃശൂർ നഗരത്തിന്റെ പല ഭാഗങ്ങളിലും കാമ്പയിനിന്റെ ഭാഗമായി വൈകുന്നേരങ്ങളിൽ പോസ്റ്റർ ഒട്ടിച്ചു. വിഷയം ജനമദ്ധ്യത്തിലെത്തിക്കാൻ 'മാദ്ധ്യമങ്ങൾ' അനവധിയുണ്ടെന്ന് വീണ്ടും തെളിയിക്കപ്പെടുന്നു.

ഇതേ സമയത്താണ് കല്യാൺ സിൽക്ക്സ് ഉടമയിൽ നിന്ന്, സമരനായികമാർക്കടക്കം സമരവുമായി പ്രത്യക്ഷബന്ധമുള്ളവർക്ക് ഒരു സന്ദേശം ലഭിക്കുന്നത്. അത് ഏതാണ്ടിപ്രകാരമായിരുന്നു. "സമരത്തെക്കുറിച്ചു പറയുമ്പോൾ കല്യാൺ എന്ന് മാത്രമുപയോഗിക്കാതെ, കല്യാൺ സാരീസെന്ന് വ്യക്തമായി ഉപയോഗിക്കുക. ഇല്ലെങ്കിൽ അത് കല്യാൺ സിൽക്ക്സ് എന്ന് തെറ്റിദ്ധരിക്കാൻ സാദ്ധ്യതയുണ്ട്." കല്യാൺ സാമിയെന്ന ടി.കെ. കല്യാണരാമന്റെ ആശങ്ക വെറുതെയായില്ല. സമരം കത്തിപ്പടർന്നപ്പോഴേക്കും

➪ സി.കെ ജാനു പുത്തൻ അടിമത്ത്വത്തെക്കുറിച്ച് സംസാരിച്ച് കൊണ്ട് കൺവെൻഷൻ ഉദ്ഘാടനം ചെയ്തു ➪

കല്യാൺ ബ്രാന്റിന് പ്രഹരമേറ്റു തുടങ്ങി. ഫെയ്സ്ബുക്ക് പോലുള്ള നവമാധ്യമങ്ങൾ ശക്തമായ പിന്തുണയുമായി മുന്നോട്ടുവന്നു. കല്യാൺ സാരീസ് ഉൽപന്ന ബഹിഷ്കരണം ഉൾപ്പെടെയുള്ള പുത്തൻ പ്രതിഷേധ മാർഗ്ഗങ്ങൾ രൂപാന്തരപ്പെട്ടു. മറിയാ ഷെറപ്പോവയുടെ ഫെയ്സ്ബുക്ക് പേജിൽ സച്ചിൻ ടെൻഡുൽക്കർ ആരാണെന്ന് മനസിലാക്കികൊടുത്ത മലയാളിയുടെ വെർചൽ സ്വത്വബോധത്തെ ഇതും ഉണർത്തി, അമിതാഭ് ബച്ചനടക്കമുള്ള ഇന്ത്യയിലെ പ്രമുഖ താരങ്ങളോടൊപ്പം അഭിനയിക്കാൻ സാഹചര്യമൊരുക്കിയ കല്യാൺ ഫാമിലിക്ക് നന്ദി പറഞ്ഞ മഞ്ജു വാര്യരുടെ ഫെയ്സ്ബുക്ക് പേജിൽവരെ പ്രതിഷേധങ്ങൾ ആഘോഷമായെത്തി.

സമരത്തിന്റെ ആദ്യനാളുകളിൽ തന്നെ, കല്യാൺ സാരീസിലെ മറ്റ് എ.എം.ടി.യു അംഗങ്ങൾ സമരപന്തലിൽ എത്താൻ സന്നദ്ധത അറിയിച്ചിരുന്നു. എന്നാൽ അവരെയെല്ലാം വീട്ടിൽ ചെന്ന് കാര്യങ്ങൾ പറഞ്ഞു മനസിലാക്കി സമരപന്തലിലെത്തിക്കുകയെന്നത് പ്രായോഗികമല്ല എന്ന കാരണത്താൽ ലിജുകുമാർ താത്പര്യമെടുത്തില്ല. ആറു പേരുടെ ഈ സമരത്തെ സംസ്ഥാനതലത്തിൽ ബഹുവിധ സംഘടനകളുടെ പിന്തുണ കിട്ടുന്ന ഒരു സമരമായി വികസിപ്പണം എന്നതായിരുന്നു ലിജുവിന്റെ കാഴ്ച്ചപ്പാട്. എന്നാൽ ഐക്യദാർഢ്യ സമിതി ചെയർപേഴ്സൺ യാമിനിക്കടക്കം ടെക്സ്റ്റൈൽ മേഖലയിൽ പ്രവർത്തനം വ്യാപിപ്പിക്കാനാണ് സമരസമിതി ശ്രമിക്കേണ്ടത് എന്ന അഭിപ്രായമാണുണ്ടായിരുന്നത്. സ്ത്രീ തൊഴിലാളികളെ കേന്ദ്രീകരിച്ച് കൂടുതൽ മുന്നോട്ട് പോയിരുന്നെങ്കിൽ എ.എം.ടി.യുവിനും അത് ഗുണകരമാകും എന്നായിരുന്നു യാമിനിയുടെ നിലപാട്. അതേസമയം സമരത്തിൽ പങ്കുചേരാനുള്ള സ്ഥാപനത്തിലെ ഒരു വിഭാഗത്തിന്റെ സന്നദ്ധ വീണ്ടും മുതലാളിയുടെ കാമറക്കണ്ണുകളിൽ കുടുങ്ങി. മാനേജ്മെന്റ് വീണ്ടും ചർച്ചയ്ക്ക് തയ്യാറായി. ഇത്തവണയും സാറ ടീച്ചറായിരുന്നു സമരസമിതിയുടെ ഭാഗത്ത് നിന്നും ചർച്ചയ്ക്ക് നേതൃത്വം നൽകിയത്. ഒരു ലക്ഷം രൂപയായി മാനേജ്മെന്റ് നഷ്ടപരിഹാരത്തുകയുയർത്തി. ആ ഔദാര്യവും സമരസമിതി തള്ളി. ഇതേ സമയം വസ്ത്രാലയത്തിനകത്ത് മുതലാളി കരുക്കൾ പിഴയ്ക്കാതെ നീക്കി. സമരക്കാരുന്നയിച്ച ആവശ്യങ്ങളിൽ പലതും തൊഴിൽശാലയിൽ അംഗീകരിക്കപ്പെട്ടു. മിനിമം വേജ്ബോർഡ് ആക്റ്റനുസരിച്ച് ശമ്പളം 7,000-7,500 ആക്കിയുയർത്തി. സാലറി സ്ലിപ്പിന് പകരം ഒരു തുണ്ട് കടലാസിൽ അതും ഇതും പ്രിന്റ് ചെയ്തു തരുന്നനിലയിൽ നിന്ന് കമ്പനിയിൽ സാലറി സ്ലിപ്പ് നൽകിത്തുടങ്ങി. അഞ്ചാംനിലയിലെ ഭക്ഷണമുറി വൃത്തിയാക്കപ്പെട്ടു. ആദ്യമായി തൊഴിലാളികൾക്ക് രജിസ്റ്റർ ഉണ്ടായി. ഇരിക്കാനനുവാദമില്ലെങ്കിലും എല്ലാനിലകളിലും സ്റ്റൂളുകളെത്തി. തൊഴിൽ സാഹചര്യത്തിലെ നേരിയ പുരോഗതി ചിന്നസാമിയുടെ മഹാമനസ്കതയായി വാഴ്ത്തപ്പെട്ടു. തൊഴിലിടത്തെ ഇത്തരം പ്രചാരണങ്ങൾ പതുക്കെ മറ്റ് തൊഴിലാളികളിൽ സമരത്തോടുള്ള ആഭിമുഖ്യം കുറച്ചു. എന്നാൽ സമരം നടന്നിടത്തോളം കാലം ഉള്ളിൽ നിന്ന് സമരത്തെയനുകൂലിച്ച തൊഴിലാളികൾക്ക് കൃത്യമായ പണികിട്ടി. അവർ ഫ്ളോറുകളിൽ നിന്ന് ഫ്ളോറുകളിൽലേക്ക് നിരന്തരം വിളിക്കപ്പെട്ടു. നിന്നനിൽപ്പിൽ ഇരട്ടി പണിയെടുക്കേണ്ടി വന്നു.




മൂന്നുപേരെ കോലോത്തുംപാടത്തെ കല്യാൺ സാരീസിലേക്കും മറ്റ് മൂന്നുപേരെ മാനേജ്മെന്റ് പറയുന്നിടത്തും ജോലിക്കുതിരിച്ചെടുക്കണമെന്ന സമരസമിതി ആവശ്യത്തോട് പ്രതികരിക്കാൻ കല്യാൺ സാരീസ് മാനേജ്മെന്റ് തയ്യാറാകുന്നില്ല. തുടർന്ന് സോഷ്യൽ മീഡിയാ കൂട്ടായ്മകളുടെയും ഐക്യദാർഢ്യ സമിതിയുടെയും നേതൃത്വ

ത്തിൽ 2015 ജനുവരി 21ന് തൃശൂർ കേരളാ സാഹിത്യ അക്കാദമി ഹാളിൽ കൺവെൻഷൻ വിളിച്ചുചേർക്കുന്നു. നിൽപ്പുസമരത്തെ ഓർത്തെടുത്ത് ആദിവാസി സമരനായിക സി.കെ ജാനു പുത്തൻ അടിമത്ത്വത്തെക്കുറിച്ച് സംസാരിച്ച് കൊണ്ട് കൺവെൻഷൻ ഉദ്ഘാടനം ചെയ്തു.

അന്നുതന്നെ സാറ ടീച്ചർ മാനേജ്മെന്റുമായി വീണ്ടുമൊരു ചർച്ചയ്ക്ക് തയ്യാറാകുന്നു. അതുപ്രകാരം, ആറു സമരക്കാരെയും കോലോത്തുംപാടത്തെ വസ്ത്രാലയത്തിലേക്ക് തിരിച്ചെടുക്കുമെന്ന് വ്യവസ്ഥയുണ്ടാകുന്നു. പക്ഷേ ക്ലറിക്കൽ പോസ്റ്റിലേക്കാണെന്നു മാത്രം. വിദ്യാഭ്യാസ അഭാവത്തിന്റെ പേരിൽ ഭാവിയിൽ തങ്ങളെ പിരിച്ചുവിടാനുള്ള മാനേജ്മെന്റ് തന്ത്രമായി പുതിയ ഒത്തുതീർപ്പിനെ സമരസമിതി വിലയിരുത്തുന്നു. എന്നാൽ പിറ്റേന്നു കിട്ടിയ മാനേജ്മെന്റ് കത്തിൽ പറഞ്ഞിരുന്നത്, ഭാവിയിൽ തൃശൂരിൽ തുടങ്ങാൻ പോകുന്ന ഗോഡൗണിലേക്ക് ആറുപേരെയും തിരിച്ചടുക്കുമെന്നായിരുന്നു. പത്തും പതിനഞ്ചും വർഷം സെയിൽസ് ഗേൾസ് ജോലിയുടെ അനുഭവസമ്പത്തുള്ളവർ ഒരു സുപ്രഭാതത്തിൽ ഗോഡൗണിൽ, അതും ഭാവിയിൽ തുടങ്ങാനുദ്ദേശിക്കുന്ന ഗോഡൗണിൽ. എന്തു ചെയ്യാനാണ്? സ്വാഭാവികമായും ആ ഓഫറും തള്ളപ്പെടുന്നു. സാറാ ജോസഫിന്റെ ആ ശ്രമവും സമരസമിതി തള്ളിയതോടെ എ.എ.പി തൊപ്പിയുടെ സാന്നിധ്യം സമരമുഖത്ത് നിന്നും പതിയെ അപ്രത്യക്ഷമായിത്തുടങ്ങി.

പ്രതീക്ഷകൾ അവസാനിച്ചെന്ന തോന്നൽ സമരസമിതിയിൽ പ്രതിഫലിച്ചു തുടങ്ങിയെങ്കിലും ഐക്യദാർഢ്യ പ്രവർത്തകരുടെ പിന്തുണകൾ സമരത്തെ വീണ്ടും സജീവമാക്കി. 2015 ഫെബ്രുവരി 14, 16, 17 തീയതികളിൽ തൃശൂർ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ ഇരിക്കൽ സമരത്തിന്റെ പ്രചരണാർത്ഥം വാഹന ജാഥകൾ നടന്നു. ഫെബ്രുവരി 18ന് തൃശൂർ കോർപ്പറേഷൻ ഓഫീസിന് മുന്നിൽ ഒരു ദിവസം നീണ്ടുനിന്ന ബഹുജന സത്യാഗ്രഹവും ആചരിച്ചു. സമരത്തിന്റെ സജീവത ഫെയ്സ്ബുക്ക് ചർച്ചകളെ വീണ്ടും സജീവമാക്കി. അങ്ങനെ ഫെയ്സ്ബുക്ക് ഐക്യദാർഢ്യ കൂട്ടായ്മ 2015 മാർച്ച് 8 വനിതാദിനത്തിൽ കല്യാൺ ഗ്രൂപ്പിന്റെ തൃശൂരിലെ എല്ലാ ഷോറൂമുകളിലേക്കും മാർച്ച് നടത്തി. കല്യാൺ ഗ്രൂപ്പിന്റെ എല്ലാ (സിൽക്ക്, ജ്വല്ലറി, സാരീസ്...) ഷോറൂമുകളിലേക്കും നടത്തിയ മാർച്ച് മറ്റൊരു പ്രശ്നമുയർത്തി. സമരം കല്യാൺ സാരീസിനെതിരെ മാത്രം മതിയെന്ന സമരസമിതിയുടെ തീരുമാനം പൊതുവെ സ്വീകരിക്കപ്പെട്ടെങ്കിലും കല്യാൺ ഫാമിലി (പ്രധാനമായും പരസ്യങ്ങളിൽ അങ്ങനെയാണ് ഉപയോഗിക്കുന്നത്.) യിലെ മറ്റ് തൊഴിലിടങ്ങളിലും സമാനമായ തൊഴിൽ സാഹചര്യം നിലനിൽക്കുന്നതിനാൽ സമരം കല്യാൺ ഫാമിലിയെ അഡ്രസ് ചെയ്യണമെന്ന വാദവും സജീവമായി.

തൊഴിലാളികൾക്ക് വേണ്ടെങ്കിൽ സ്ഥാപനം പൂട്ടുമെന്ന ഒരു കള്ളപ്രചരണം നടത്തി രക്ഷപെടുന്നതിനുള്ള ശ്രമവും ഇതിനിടയിൽ കല്യാൺ മാനേജ്മെന്റ് നടത്തി. കോയമ്പത്തൂരിലെ അവരുടെ സ്ഥാപനം അടച്ചുപൂട്ടിയെന്നും തൃശൂരിലേത് നഷ്ടത്തിലായതിനാൽ ഉടൻ പൂട്ടുമെന്നും പ്രചരിക്കപ്പെട്ടു. തൊഴിലാളികളാണ് സ്ഥാപനം പൂട്ടാൻ കാരണമെന്ന് വരുത്തിത്തീർത്ത് എതിർശബ്ദങ്ങളെ മുളയിലേ നുള്ളാനുള്ള മാനേജ്മെന്റിന്റെ ആ ആശ്രമവും വസ്തുതകൾ നിരത്തിക്കൊണ്ടുള്ള കാമ്പയിനിലൂടെ ഇരിക്കൽ സമരം പൊളിച്ചു. അർഹമായ ശമ്പളം നൽകാതെ തൊഴിലാളികളിൽ നിന്നും അപഹരിച്ചെടുത്ത വൻതുകയുടെ ലാഭക്കണക്കുകൾ നിരത്തിക്കൊണ്ടുതന്നെ സമരസമിതി മാനേജ്മെന്റിന്റെ നഷ്ടക്കണക്കിന് മറുപടി കൊടുത്തു.

ഇതേസമയത്താണ് നിയമസഭയിൽ വി.എസ്. അച്യുതാനന്ദൻ, വി.ടി. ബൽറാം, വി.എസ്. സുനിൽ കുമാർ എന്നിവർ ഇരിക്കൽ സമരത്തെക്കുറിച്ച് സബ്മിഷൻ ഉന്നയിക്കുകയും പ്രതിപക്ഷനേതാവ് എന്ന നിലയിൽ വി.എസിന് അനുമതി കിട്ടുകയും ചെയ്യുന്നത്. 'കേരളത്തിലെ വൻകിട ടെക്സ്റ്റൈലുകളിൽ' എന്ന് സ്ഥാപനത്തിന്റെ പേരുപയോഗിക്കാതെയുള്ള വി.എസിന്റെ സബ്മിഷൻ നിയമസഭാ രേഖകളിൽ കല്യാൺ സാരീസിന്റെ പേര് ചേർക്കപ്പെടാതെ പോകുന്നതിന് ഇടയാക്കി. തൊഴിൽ നിയമങ്ങളുടെ പരിഷ്കരണം അടിയന്തരമായി നടക്കേണ്ടതുണ്ടെന്ന് ബോധ്യപ്പെടുത്തുന്നതായിരുന്നു തൊഴിൽ വകുപ്പ് മന്ത്രി ഷിബു ബേബി ജോണിന്റെ മറുപടി. "കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഒരു നിയമം നമ്മൾ പാസാക്കിയിരുന്നു. കഴിഞ്ഞവർഷം മെയിൽ ഈ വിഷയം പൊതുസമൂഹത്തിന്റെ ശ്രദ്ധയിലേക്ക് വന്ന സമയത്ത് കേരളത്തിലെ രണ്ടായിരത്തോളം കടകളിൽ പരിശോധന നടത്തിയിരുന്നു.

ആ പരിശോധനയിൽ വ്യാപകമായ നിയമലംഘനം ബോധ്യപ്പെട്ടിരുന്നു. എന്തുകൊണ്ട് നിയമം കർശനമായി നടപ്പിലാക്കാൻ കഴിയുന്നില്ല എന്ന് പരിശോധിച്ചപ്പോൾ 1961ലെ ഷോപ്പ്സ് ആന്റ് കൊമേഷ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരമുള്ള ശിക്ഷയും ഫൈനുമായിരുന്നു നിലവിലുണ്ടായിരുന്നത് എന്നുകണ്ടത്. 60 വർഷമായി ആ ഫൈൻ നമ്മൾ പുതുക്കിയിട്ടില്ല. 50 രൂപയൊക്കെയായിരുന്നു ഫൈൻ തുക. ഫൈൻ കൊടുക്കാൻ ആരും തയ്യാറാകും എന്ന നിലയിലേക്ക് കാര്യങ്ങൾ പോയി. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ നമ്മൾ നിയമം കൊണ്ടുവന്ന് ആ ഫൈനുകളെല്ലാം ക്രമാതീതമായി, 50 രൂപ എന്നത് 5000 ആയി വർദ്ധിപ്പിച്ചു. റിപ്പീറ്റഡ് ഒഫൻസിന് 10,000 രൂപയും ജയിൽ ശിക്ഷയും എന്ന വ്യവസ്ഥ കൊണ്ടുവന്നു. നിയമം പാസിക്കിയിട്ടുണ്ട്. റൂൾസ് ഫ്രെയിം ചെയ്തു കഴിഞ്ഞിട്ടുണ്ട്. സബ്ജക്റ്റ് കമ്മിറ്റിയുടെ അപ്രൂവൽ കിട്ടിയാലുടൻ ആ നിയമം പ്രാബല്യത്തിൽ വരും. അതോടെ നമുക്ക് ശക്തമായ ഇടപെടൽ നടത്താൻ കഴിയും. അതുപോലെ തൃശൂരിൽ നടക്കുന്ന ഒരു സമരത്തെക്കുറിച്ചും അദ്ദേഹം ഇവിടെ സൂചിപ്പിച്ചു. 210 തൊഴിലാളികളുള്ള ഒരു സ്ഥാപനമാണ് അത്. അതിൽ ആറ് പേരെ ട്രാൻസ്ഫർ ചെയ്തു. ആ വിഷയം അവർ എന്റെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ തന്നെ ജില്ലാ ലേബർ ഓഫീസറുമായി അക്കാര്യം ചർച്ച ചെയ്യുകയും പരിഹാരം കാണാൻ ശ്രമിക്കുകയും ചെയ്തു. പക്ഷെ ആ ചർച്ചകൾ പരാജയമായി. ട്രാൻസ്ഫർ എന്നത് സ്വാഭാവികമായും മാനേജ്മെന്റിന്റെ അധികാരമാണ് എന്ന് അവർ സ്ഥാപിച്ചെടുത്തു. പാവപ്പെട്ട ഈ തൊഴിലാളികൾക്ക് തിരുവനന്തപുരത്തോ കണ്ണൂരോ പോയി ജോലി ചെയ്യാൻ കഴിയില്ല എന്ന വസ്തുത മറിച്ചും നിൽക്കുന്നു. കർക്കശമായ നിലപാടിൽ മാനേജ്മെന്റ് നിന്നതുകൊണ്ട് ചർച്ചകൾ പരാജയപ്പെട്ടു. നമ്മൾ അഡ്ജ്യുഡിക്കേഷന് തീരുമാനിച്ചുകൊണ്ട് ആ കാര്യം ലേബർ കോടതിയിലേക്ക് വിടുകയാണ്.” തൊഴിൽ മന്ത്രിയുടെ ഈ ഒഴുക്കൻ മറുപടിയിൽ ഇല്ലാത്തതിനേക്കാൾ ഏറെ നിയമപ്രശ്നങ്ങൾ ഈ മേഖലയുമായി ബന്ധപ്പെട്ട് നിലനിൽക്കുന്നുണ്ട്. തൊഴിലാളികളുടെ ക്ഷേമം നിയമം മൂലം ഉറപ്പാക്കുക എന്നതാണ് നമ്മുടെ തൊഴിൽ വകുപ്പിന്റെ ചുമതല. പ്രശ്നപരിഹാരത്തിനുള്ള ഒരു മധ്യസ്ഥനായി മാത്രം നിൽക്കാൻ കഴിയുന്ന തരത്തിലുള്ള ഒരു ലേബർ ഓഫീസറെയാണ് കല്യാൺ വിഷയത്തിൽ കാണാൻ കഴിയുന്നത്. തൊഴിലാളി വിരുദ്ധമായി പെരുമാറുന്ന ഒരു സ്ഥാപനത്തിനെതിരെ നടപടികളെടുക്കാൻ കഴിയാത്തവിധം അദ്ദേഹം സ്വമേധയാ അശക്തനായതോ അതോ നിയമപരമായ അപര്യാപ്തതകൾ കൊണ്ട് അശക്തനായിത്തീർന്നതോ? എന്തായാലും ഇരിക്കൽ സമരം ചർച്ച ചെയ്യേണ്ട ഒരു വിഷയം തന്നെയാണിത്. ശമ്പളത്തിൽ നിന്നും പിടിക്കുന്ന ക്ഷേമനിധി തുകയുടെ കണക്കുപോലും ഇത്രകാലവും തൊഴിലാളികൾക്ക് കാണിച്ചുകൊടുക്കാതിരുന്ന ഒരു സ്ഥാപനം തീർച്ചയായും നിയമനടപടികൾ നേരിടേണ്ടതല്ലേ എന്ന ചോദ്യവും പല സ്ഥലങ്ങളിൽ നിന്നും കല്യാണിനെതിരെ ഉയർന്നിരുന്നു.

ഏപ്രിലിലെ ആദ്യ ആഴ്ച്ചകളിൽ വി.എസ്. സുനിൽകുമാർ എം.എൽ.എയുടെ താല്പര്യപ്രകാരം എ.ഐ.ടി.യു.സിയുടെ നേതൃത്വത്തിൽ മാനേജ്മെന്റുമായി ചർച്ച നടക്കുന്നു. പക്ഷേ ഈ ചർച്ചയിൽ നിന്ന് അതുവരെ സമരപ്പന്തലിൽ ഒപ്പമിരുന്നിരുന്ന എ.എം.ടി.യു എന്ന ‘അസംഘടിത സംഘടന’ മാറ്റി നിർത്തപ്പെടുന്നു. സമരത്തിന്റെ ഇരുപത്തൊന്നാം ദിവസം സാറ ടീച്ചറുമായുണ്ടാക്കിയ ഒത്തു തീർപ്പ് കരാർ തന്നെ മാനേജ്മെന്റ് മുന്നോട്ടുവെക്കുന്നു. ഒരു വ്യത്യാസം മാത്രം–ചെമ്പൂക്കാവിൽ തുടങ്ങാൻ പോകുന്ന ഗോഡൗണിലേക്ക് തിരിച്ചെടുക്കുന്ന ഇവരെ ഗോഡൗൺ എപ്പോഴെങ്കിലും പൂട്ടുകയാണെങ്കിൽ സാരീസിലേക്ക് തിരിച്ചെടുക്കും. അന്ന് ടീച്ചർക്ക് തുണ്ടുകടലാസിൽ എഴുതിക്കൊടുത്തത് ഇന്ന് എ.ഐ.ടി.യു.സിക്ക് കമ്പനി ലെറ്റർപാടിൽ നിയമാനുസൃതമായി നൽകി

പ്രശ്നപരിഹാരത്തിനുള്ള ഒരു മധ്യസ്ഥനായി മാത്രം നിൽക്കാൻ കഴിയുന്ന തരത്തിലുള്ള ഒരു ലേബർ ഓഫീസറെയാണ് കല്യാൺ വിഷയത്തിൽ കാണാൻ കഴിയുന്നത്. തൊഴിലാളി വിരുദ്ധമായി പെരുമാറുന്ന ഒരു സ്ഥാപനത്തിനെതിരെ നടപടികളെടുക്കാൻ കഴിയാത്തവിധം അദ്ദേഹം സ്വമേധയാ അശക്തനായതോ അതോ നിയമപരമായ അപര്യാപ്തതകൾ കൊണ്ട് അശക്തനായിത്തീർന്നതോ?

എന്നതാണ് വ്യത്യാസം.

ഇത് സമരക്കാർക്കിടയിൽ അഭിപ്രായ വ്യത്യാസങ്ങളുണ്ടാക്കി. പുതിയ ഒത്തുതീർപ്പ് പഴയതുതന്നെയാണെന്നും ഇത് അംഗീകരിക്കുന്നത് ട്രേഡ് യൂണിയൻ സമരം പരാജയമായി വായിക്കപ്പെടുന്നതിന് കാരണമാകുമെന്നും വാദങ്ങളുണ്ടായി. മാത്രമല്ല പുരുഷന്മാർമാത്രമുള്ള ഗോഡൗൺ പോലുള്ള സ്ഥലത്ത് തങ്ങൾക്ക് എന്താണ് ചെയ്യാനുള്ളത് എന്നതായിരുന്നു ഫ്ളോർ മാനേജറായിരുന്ന പത്മിനി ഉന്നയിച്ച പ്രശ്നം. എന്നാൽ, മാനേജ്മെന്റ് മറ്റ് മിക്ക ആവശ്യങ്ങളും അംഗീകരിച്ചിരിക്കുന്നു, സ്ഥലം മാറ്റ ഉത്തരവ് റദ്ദാക്കപ്പെടുകയും ചെയ്തു, അതുകൊണ്ട് ഇനിയും സമരം നീട്ടികൊണ്ടുപോകുന്നതിൽ അർത്ഥമില്ല എന്ന മായാ ദേവിയുടെ വാദത്തിന് ചർച്ചയിൽ പ്രാമുഖ്യം കിട്ടുകയും മറ്റുള്ളവർ അതംഗീകരിക്കുകയും ചെയ്യുന്നു. നൂറിലേറെ ദിവസം നീണ്ട സമരം അവർ ആറു പേരെയും ഏറെ മാനസികമായി ബാധിച്ചിരുന്നു. അഭിപ്രായവ്യത്യാസങ്ങൾ ഐക്യദാർഢ്യ സമിതിയിലേക്കും നീണ്ടു. ഈ ഒത്തുതീർപ്പംഗീകരിക്കുന്നത് ട്രേഡ് യൂണിയൻ സമരത്തിന്റെ പരാജയമാകുമെന്ന് ലിജുകുമാർ. എന്നാൽ യാമിനി പരമേശ്വരന് മറ്റൊരു നിരീക്ഷണമായിരുന്നു. ഒരു സമരമെന്ന നിലയിൽ യൂണിയന് ഇതുവരെ സമരത്തിൽ ഇടം കണ്ടെത്താനായിട്ടില്ല. മാത്രമല്ല സമരം ഈരീതിയിൽ നീട്ടികൊണ്ടുപോകുന്നതിലും അർത്ഥമില്ലാതായിരിക്കുന്നു. അങ്ങനെ ഐക്യദാർഢ്യ സമിതിയിലെ ഒരു വിഭാഗം സമരം അവസാനിപ്പിക്കാനുള്ള തീരുമാനത്തിലെത്തുന്നു.

എല്ലാ ദിവസവും പതിവുപോലെ യൂണിഫോം സാരിയുമുടുത്ത് സമരപ്പന്തലിലേക്ക് പോകുന്ന ആറു പേരുടെ കുടുംബങ്ങൾക്കുള്ളിലും സമരം പല പ്രശ്നങ്ങളും സൃഷ്ടച്ചു തുടങ്ങിയിരുന്നു. ആദ്യം സമരത്തോടൊപ്പം നിന്ന കുടുംബങ്ങളിൽ നിന്നും നൂറാം ദിവസം പിന്നിടുമ്പോഴേക്കും സമരം നിർത്താൻ ഏറെ സമ്മർദ്ദം ഉണ്ടാകുന്നു. അച്ഛനോടും അമ്മയോടും ഭർത്താവിനോടും മക്കളോടും ഒരേ സമയം സമര നായികമാർക്ക് മറുപടി പറയേണ്ടതായി വന്നു. തുച്ഛമെങ്കിലും കിട്ടിയിരുന്ന കൂലി നിന്നുപോയത് സാമ്പത്തികായി പിന്നോക്കം നിൽക്കുന്ന അവരുടെ കുടുംബങ്ങളെ കുഴപ്പത്തിലാക്കി. ദേവി രവിയുടെ മകൻ അഖിൽ വിഷ്ണു കല്യാൺ സാരീസിൽ ജോലി ചെയ്തു കിട്ടുന്ന പണംകൊണ്ടാണ് സ്വന്തം വിദ്യാഭ്യാസ ചെലവടക്കം നോക്കിയിരുന്നത്. സമരം തുടങ്ങിയശേഷം, മാനേജ്മെന്റ് തൊഴിലാളികൾക്ക് മിനിമം വേജ് ബോർഡ് ശമ്പള വർദ്ധന നടപ്പാക്കുമ്പോൾ ദേവി രവിയുടെ മകൻ അഖിൽ വിഷ്ണുവിന് ശമ്പളവർദ്ധനയോടൊപ്പം സ്ഥാനക്കയറ്റവും നൽകുന്നു. മാനേജ്മെന്റിന്റെ ഈ നീക്കം ദേവിയേയും കുടുംബത്തെയും സങ്കീർണ്ണമായ വിഷമസന്ധിയിലെത്തിച്ചു. എല്ലാ കുടുംബങ്ങളെയും സാമ്പത്തിക പ്രതിസന്ധി ബാധിച്ചു തുടങ്ങിയതോടെ ഒത്തുതീർപ്പ് വ്യവസ്ഥകൾ അംഗീകരിച്ച് ചെമ്പൂക്കാവിൽ തുടങ്ങുന്ന ഗോഡൗണിൽ തിരിച്ചുകയറാമെന്ന പൊതുതീരുമാനത്തിലേക്ക് ആറ് സ്ത്രീ തൊഴിലാളികളും എത്തിച്ചേരുന്നു. അങ്ങനെ വിഷുവിന്റെ തലേദിവസമായ ഏപ്രിൽ 14ന് കല്യാൺ സാരീസ് ഉടമയായ ടി.എസ്. രാമചന്ദ്രനും തൊഴിലാളികളും തമ്മിൽ നടത്തിയ ചർച്ചയെ തുടർന്ന് 106 ദിവസത്തെ ഇരിക്കൽ സമരത്തിന് വിരാമമാകുന്നു. സമരദിവസങ്ങളിലെ ശമ്പളം, ഓവർടൈം അലവൻസ് ഉൾപ്പെടെ അന്നുതന്നെ തൊഴിലാളികൾക്ക് നൽകുന്നു. രജിസ്റ്റർ ചെയ്തിട്ടില്ലാത്ത ട്രേഡ് യൂണിയനാണ് എന്ന സാങ്കേതിക പ്രശ്നം കാരണം എ.എം.ടി.യു പ്രതിനിധികൾ എന്ന നിലയിൽ ആരും ചർച്ചയിൽ ഉൾപ്പെടുത്തപ്പെട്ടില്ല. വ്യക്തികൾ എന്ന നിലയിലാണ് ആറ് സ്ത്രീ തൊഴിലാളികളുമായി കരാർ ഒപ്പുവയ്ക്കപ്പെട്ടത്. സാക്ഷിയായി യാമിനി പരമേശ്വരനും ഉൾപ്പെട്ടിരുന്നു. ഏപ്രിൽ 25ന് ചെമ്പൂക്കാവിൽ ആരംഭിച്ച ഗോഡൗണിൽ എസ്.കെ. പദ്മിനിയും, പി. മായാദേവിയും, രജനി ദാസനും, ദേവി രവിയും, അൽഫോൺസ ജോൺസണും, ബീന സോജനും ഇരുന്നുകൊണ്ടുതന്നെ ജോലി ചെയ്യാൻ തുടങ്ങി.

പരമ്പരാഗത തൊഴിൽ സമരങ്ങളുടെ വിജയസങ്കൽപ്പങ്ങളിൽ നിന്നുള്ള വിലയിരുത്തലുകൾക്കും ഇടതുപരിപ്രേക്ഷ്യത്തിനുള്ളിലെ തൊഴിലാളിവർഗ്ഗ വിശകലനങ്ങൾക്കും ഇരിക്കൽ സമരത്തിന്റെ ഈ പരിസമാപ്തിയെക്കുറിച്ച് ഭിന്നാഭിപ്രായങ്ങൾ ഉണ്ടായിരിക്കാം. എന്നാൽ ആത്മാഭിമാന ബോധത്താൽ പൊരുതാനൊരുമ്പെട്ട ആറ് സ്ത്രീ തൊഴിലാളികൾക്കും ഇനിയും ചുവടുറപ്പിച്ചിട്ടില്ലാത്ത എ.എം.ടി.യു എന്ന നവ തൊഴിലാളി യൂണിയനും തൊഴിൽ സമരത്തിന്റെ സംഘാടന പരിജ്ഞാനം അവകാശപ്പെടാനില്ലാത്ത ഐക്യദാർഢ്യ സമിതിക്കും ഇരിക്കൽ സമരത്തിന്റെ ഒടുക്കം ഒരുപാട് തുടർച്ചകൾക്കുള്ള ഒരു നല്ല തുടക്കം തന്നെയായിമാറി

യിരിക്കുകയാണ്. അതിനിടയിലുണ്ടായ ചില അഭിപ്രായ ഭിന്നതകൾ രാഷ്ട്രീയ ശരികളിലേക്കെത്തുന്നതിനുള്ള ആലോചനകൾക്കും വഴി തുറന്നിരിക്കുന്നു. അവസാനം വരെ ഇരിക്കൽ സമരത്തിനൊപ്പം നിന്നിരുന്നവരുടെ വിലയിരുത്തലുകളും തുടർ സമീപനങ്ങളും സർഗ്ഗാത്മകമായ ഒരു ചർച്ചയ്ക്ക് കൂടി തുടക്കം കുറിച്ചിരിക്കുകയാണ്.

**പി. വിജി (സംസ്ഥാന സെക്രട്ടറി, എ.എം.ടി.യു)**: ട്രേഡ് യൂണിയൻ സമരമെന്ന നിലയിൽ സമരം വിജയമായിരുന്നുവെങ്കിലും മുതലാളിത്തത്തിന്റെയും പുരുഷാധിപത്യത്തിന്റെയും മേധാവിത്വം സമരത്തെ സ്വാധീനിച്ചു. അസംഘടിതമേഖലയിൽ നിലനിൽക്കുന്ന പുത്തൻ അടിമത്വത്തിനെതിരെ സംഘടനയുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിയ ശേഷം ശക്തമായ സമരപരിപാടികളുമായി മുന്നോട്ട് പോകും. അതോടൊപ്പം സ്ത്രീപക്ഷരാഷ്ട്രീയത്തിന് പ്രമുഖ്യം നൽകിയുള്ള പ്രത്യക്ഷസമരങ്ങളും തുടരും. സ്ത്രീകൾക്ക് നേതൃത്വമുള്ള ട്രേഡ് യൂണിയൻ ഉണ്ടാകണം എന്നാണ് എന്റെ നിലപാട്. കുടുംബത്തിലും തൊഴിൽ സ്ഥലത്തും എന്ന പോലെ ട്രേഡ് യൂണിയൻ രംഗത്തും പിതൃമേധാവിത്ത വ്യവസ്ഥയെ ഒരുപോലെ നേരിടാൻ കഴിയണം. ഇരിക്കൽ സമരം ആ രീതിയിലാണ് വികസിക്കേണ്ടത്.

**കെ.പി. ലിജുകുമാർ (സംസ്ഥാന പ്രസിഡന്റ്, എ.എം.ടി.യു)**: മനുഷ്യാവകാശ പ്രശ്നം മാത്രമായോ സ്ത്രീ പ്രശ്നം മാത്രമായോ ഇരിക്കൽ സമരത്തെ കാണുന്നതിന് ഞാൻ എതിരാണ്. അടിസ്ഥാനപരമായി ഒരു ട്രേഡ് യൂണിയൻ പ്രശ്നം കൂടിയാണ് ഇവിടെ ഉന്നയിക്കപ്പെട്ടത്. സംഘടനാ സ്വാതന്ത്ര്യത്തിനെതിരായുള്ള പ്രതികാര നടപടിയായിരുന്നു ഇരിക്കൽ സമരത്തിലേക്ക് സ്ത്രീ തൊഴിലാളികളെ എത്തിച്ചത്. രാഷ്ട്രീയപരമായി സമരം പരാജയമായിരുന്നു എന്നുതന്നെയാണ് ഞാൻ വിലയിരുത്തുന്നത്. ട്രേഡ് യൂണിയൻ അവകാശം എന്ന പ്രശ്നം ഒത്തുതീർപ്പു വ്യവസ്ഥയിൽ എവിടെയും ചർച്ചയായിട്ടില്ല. സമരം ഉന്നയിച്ച നാല് ആവശ്യങ്ങൾ പരിഹരിക്കപ്പെട്ടോ എന്ന കാര്യവും പരിശോധിക്കേണ്ടതാണ്. സ്ഥലം മാറ്റം റദ്ദുചെയ്തു, വിശ്രമസമയം ക്രമീകരിച്ച് ഇരിക്കാൻ സൗകര്യമുണ്ടായി എന്നീ വ്യക്തിപരമായ ആവശ്യങ്ങളൊഴിച്ച് ജോലി സമയം എട്ട് മണിക്കൂറായി നിജപ്പെടുത്തുക, രാത്രി ഏഴ് മണിക്ക് ശേഷം സ്ത്രീ തൊഴിലാളികളെക്കൊണ്ട് ജോലി ചെയ്യിക്കുന്നത് അവസാനിപ്പിക്കുക തുടങ്ങിയ തൊഴിൽ അവകാശങ്ങളുമായി ബന്ധപ്പെട്ട പൊതുകാര്യങ്ങൾ ഒത്തുതീർപ്പ് ചർച്ചയിൽ എവിടെയും വന്നില്ല എന്ന് കാണാൻ കഴിയും. ആ ആവശ്യങ്ങളിലേക്ക് കൂടി ഭാവി സമരങ്ങളെ എത്തിക്കുക എന്നതാണ് ട്രേഡ് യൂണിയൻ എന്ന നിലയിൽ എ.എം.ടി.യുവിന് ഇനി ചെയ്യാനുള്ളത്. സമരത്തിന് സാമൂഹികവും സാമ്പത്തികവുമായ പിന്തുണ ഉണ്ടായിരുന്നു. തുടരാൻ തടസ്സമുണ്ടായിരുന്നില്ല.




**യാമിനി പരമേശ്വരൻ (ചെയർപേഴ്സൺ, ഐക്യദാർഢ്യ സമിതി)**: കേരളത്തിൽ അടുത്തിടെ നടന്ന ചില നവസമരങ്ങളിൽ ഒപ്പം നിൽക്കേണ്ടി വന്നിട്ടുണ്ട്. പ്രശ്നാധിഷ്ഠിതമായി സംഘടിപ്പിക്കപ്പെടുന്ന ഇത്തരം സമരങ്ങളിൽ പല രാഷ്ട്രീയ ബോധ്യങ്ങളിലുള്ളവർ ഇടപെടാറുണ്ട്. സമര നേതൃത്വങ്ങളുടെ രാഷ്ട്രീയ ബോധ്യം കൃത്യവും സൂക്ഷ്മവും ആയിരുന്നാലേ സമരങ്ങൾ താത്കാലിക പ്രശ്ന പരിഹാരത്തിനപ്പുറത്ത് രാഷ്ട്രീയ മുന്നേറ്റങ്ങളായി വികസിക്കൂ. അങ്ങിനെയല്ലെങ്കിൽ, സമരമുഖത്തേക്ക് വലിച്ചെറിയപ്പെടുന്നവർ നേതൃത്വത്തിന്റെ രാഷ്ട്രീയ പാപ്പരത്തത്തിന്റെ കൂടി ഇരകളാവേണ്ടി വരും. ഇങ്ങനെ ഇരകളെ സൃഷ്ടിക്കുന്ന സമരങ്ങളോട് വിടപറയുകയാണ്. ■